(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിനു സംവരണ തത്വം പാലിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സംവരണത്തിന് ഉദ്യോഗാർത്ഥികളെ തികയാത്ത സമുദായക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ സർക്കാർ വകുപ്പുകളിലെപ്പോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും സംവരണതത്വം പാലിക്കാറുണ്ട്.

(ബി) നിയമാനുസൃതമായി പരിശോധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ നടപടി

18 [2145] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നടപടി ഉപേക്ഷിക്കുമെന്ന കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ള ഏതെങ്കിലും പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥാപനത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്തിയെന്നും ചർച്ചയിലെ ധാരണകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കില്ലെന്നു കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ആന്റ് സി) എഫ്. എ. സി. റ്റി, എച്ച്. എൻ. എൽ. മുതലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തുതന്നെ നിലനിൽക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി തലത്തിൽ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനെതുടർന്ന് 15-6-2004-ൽ എഫ്. എ. സി. റ്റി.-യുടെ പുനരുദ്ധാരണത്തിനുവേണ്ടി ബഹു. കേന്ദ്രമന്ത്രിയുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായി.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി നഷ്ടപ്പെട്ട തൊഴിലാളികൾ

19 [2146] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ; ഇതിൽ സ്ത്രീകളെത്ര; പുരുഷന്മാരെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ആവശ്യപ്പെട്ടതെന്നും അവയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നവീകരണത്തിനു വേണ്ടി ട്രേഡ് യൂണിനുകൾ സർക്കാരിന് മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം ട്രേഡ് യൂണിനുകളാണ് നിർദ്ദേശം സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2324 പേർ പിരിഞ്ഞുപോയിട്ടുണ്ട്. ജോലി നഷ്ടപ്പെട്ട സ്ത്രീ-പുരുഷന്മാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) വിവരം ശേഖരിച്ചുവരുന്നു.

കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ റബ്ബർ പാർക്ക്

20 [2147] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ഐരാപുരത്ത് സർക്കാർ സൗജന്യമായി കൊടുത്ത 110 ഏക്കർ സ്ഥലത്ത് ഇൻഡ്യ ഗവൺമെന്റ് അനുവദിച്ച റബ്ബർ പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ പാർക്കിന്റെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നും സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പങ്കെന്താണ് എന്നും മറ്റ് ഏതെങ്കിലും ഏജൻസികൾക്ക് ഇതിൽ എന്തെങ്കിലും പങ്കുണ്ടോ എന്നും ഉണ്ടെങ്കിൽ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ എം. ഡി.-യേയും മറ്റു സ്റ്റാഫിനേയും നിയമിച്ചിട്ടുള്ളത് ആരാണ്; നിയമന വ്യവസ്ഥ എന്തെല്ലാമാണ്; ഇവരുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആർക്കാണ് എന്നു വ്യക്തമാക്കാമോ?

(ഡി) ഈ പാർക്കിൽ എത്ര യൂണിറ്റിന് സ്ഥലം അലോട്ടുചെയ്തു; എത്ര യൂണിറ്റ് പണി തീർത്തു; എത്ര എണ്ണം പ്രൊഡക്ഷൻ തുടങ്ങി; ബാക്കിയുള്ളവ ഓരോന്നും ഏതേത് സ്റ്റേജിലാണ് എന്നു വ്യക്തമാക്കുമോ?

(ഇ) റബ്ബർ പാർക്കിന്റെ അതോറിറ്റി ഏതെല്ലാം പണികൾ നടത്തുന്നു; ഏതിന്റെ എല്ലാം പണി തീർത്തു; മറ്റുപണികൾ ഏതേതു സ്റ്റേജിലാണെന്ന് വ്യക്തമാക്കുമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly